**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 390** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പരോൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

ശ്രീമതി രമ്യ ഹരിദാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** തടവുകാർക്ക് പരോൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** 2014-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 397 പ്രകാരം സാധാരണ അവധിയും, ചട്ടം 400 പ്രകാരം അടിയന്തര അവധിയും അർഹരായ തടവുകാർക്ക് അനുവദിക്കുന്നുണ്ട്. ചട്ടം 414 പ്രകാരം തുറന്ന ജയിലുകളിലെ അർഹരായ തടവുകാർക്ക് ഗാർഹികാവധിയും അനുവദിക്കുന്നുണ്ട്. കൂടാതെ, 2010-ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റിലെ സെക്ഷൻ 73 പ്രകാരം സംസ്ഥാന സർക്കാരിന്, നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾക്ക് വിധേയമായി, അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള കാലാവധിയിലേയ്ക്ക്, ഏതൊരു ശിക്ഷിയ്ക്കപ്പെട്ട തടവുകാരനെയും ഏതെങ്കിലും ഗുരുതരമായ അസുഖമോ തടവുകാരന്റെ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെയോ അടുത്ത ബന്ധുവിന്റെ മരണമോ മറ്റ് എന്തെങ്കിലും മതിയായ കാരണമോ ഉള്ള സംഗതിയിൽ പരോളിൽ വിട്ടയക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

NDPS ആക്റ്റിൻ കീഴിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ട തടവുകാർക്ക് അവധി ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നുകൂടി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അവധിയുമായി ബന്ധപ്പെട്ട ചട്ടങ്ങളും NDPS ആക്റ്റിന്റെ കീഴിൽ വരുന്ന തടവുകാർക്ക് അവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ വ്യവസ്ഥ സംബന്ധിച്ച വിജ്ഞാപനവും യഥാക്രമം **അനുബന്ധം I ഉം അനുബന്ധം II** ഉം ആയി ചേർത്തിട്ടുണ്ട്.

**(ബി)** പ്രസ്തുത മാനദണ്ഡങ്ങൾ എന്നാണ് പരിഷ്കരിച്ചതെന്നും അവയിൽ കാലാനുസൃതമായി മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 14.07.2023 തീയതിയിലെ സ.ഉ.(പി) നം. 62/2023/ആഭ്യന്തരം (എസ്.ആർ.ഒ നം. 795/2023) പ്രകാരം പുറപ്പെടുവിച്ച 2023 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ചട്ടങ്ങൾ പ്രകാരം NDPS ആക്റ്റിൻ കീഴിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ട തടവുകാർക്ക് അവധി ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ചട്ടങ്ങളിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 06.08.2024 തീയതിയിലെ സ.ഉ.(സാധാ) നം. 2278/2024/ആഭ്യന്തരം പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സമിതി പരിശോധിച്ചു വരുന്നു.

**(സി)** പരോൾ ലഭിച്ച് പുറത്തിറങ്ങുന്ന തടവുകാരെ നിരീക്ഷിക്കാൻ സംവിധാനം ഉണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പരോളിൽ/അവധിയിൽ പുറത്തിറങ്ങുന്ന അന്തേവാസികളെ പ്രസ്തുത കാലയളവിൽ നിരീക്ഷിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിമാർക്കും, സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും, ക്രൈം റിക്കാർഡ് ബ്യൂറോ കാര്യാലയങ്ങൾക്കും ജയിൽ സൂപ്രണ്ടുമാർ വഴി അറിയിപ്പ് നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം I

108

അദ്ധ്യായം മുപ്പത്

## അവധി

397. ***വിവിധ അവധികൾ.***—തടവുകാർക്ക് രണ്ട് തരം അവധികളാണ് ഉള്ളത്—സാധാരണവും, അടിയന്തിരവും.

സാധാരണ അവധി താഴെ വ്യക്തമാക്കിയിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കേണ്ടതാണ്, അതായത്:—

(എ) ഒരു വർഷവും അതിലധികവും കാലത്തേക്ക് ശിക്ഷ വിധിക്കപ്പെട്ട സത്സ്വഭാവികളായ തടവുകാർക്ക് ആകെ ശിക്ഷയുടെ മൂന്നിൽ ഒരു ഭാഗമോ രണ്ടുവർഷമോ ഏതാണോ കുറവ് അത്രയും അനുഭവിച്ചിട്ടുണ്ടെങ്കിൽ സാധാരണ അവധിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്;

(ബി) ഒരു കലണ്ടർ വർഷം ഒരു തടവുകാരന് അറുപത് ദിവസത്തെ സാധാരണ അവധിക്ക് അർഹതയുണ്ട്. ഒരു തവണ അവധിയുടെ കാലയളവ് 15 ദിവസത്തിൽ കുറവോ 30 ദിവസത്തിൽ അധികമോ ആയിരിക്കരുത്. സാധാരണ അവധി ഒരു ത്രൈമാസികത്തിൽ 15 ദിവസമോ ഒരു അർദ്ധ വർഷത്തിൽ 30 ദിവസമോ കവിയരുത്. തടവുകാരന്/തടവുകാരിക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ളയത്രയും യാത്രാ സമയത്തിനും യാത്രാക്കൂലിക്കും ഒരു കലണ്ടർ വർഷത്തിലെ രണ്ടു തവണത്തേയ്ക്ക് എന്ന തരത്തിൽ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു;

(സി) ഏതുതരത്തിലുമുള്ള അവധിക്കും ഒരു കലണ്ടർ വർഷത്തിൽ ആകെ നാലുതവണ വിടുതൽ ഉണ്ടായിരിക്കുന്നതും എന്നാൽ തുറന്ന ജയിലിലെ തടവുകാർക്ക് മാത്രം ഗാർഹിക അവധിക്കുള്ള വിടുതൽ കൂടി കണക്കാക്കി അഞ്ചു തവണയെന്നും നിജപ്പെടുത്തിയിരിക്കുന്നു. 10 ദിവസത്തിലധികമുള്ള അടിയന്തിര അവധിക്ക് പോയി വന്നതിനുശേഷമുള്ള ദിവസം മുതൽ തുടർച്ചയായി 6 മാസം ജയിലിൽ കഴിഞ്ഞവർക്ക് മാത്രമേ തുടർന്നുള്ള സാധാരണ അവധിയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ;

(ഡി) ജയിലിൽ തടവുകാരന്റെ ഒരു അക്കൗണ്ടിലും പണം അവശേഷിക്കാത്തതും സ്വന്തം ചെലവിൽ യാത്രാക്കൂലി വഹിക്കാൻ സാധിക്കാത്തതുമായ തടവുകാർ അവധിയിൽ പോകുമ്പോൾ സർക്കാർ യാത്രാക്കൂലി അനുവദിക്കേണ്ടതാണ്. ഈ ചട്ടത്തിൽ തടവുകാരന്റെ അക്കൗണ്ടിലുള്ളതായി വിവക്ഷിക്കുന്നത് തടവുകാരന്റെ സ്വകാര്യപണമോ ഗ്രാറ്റുവിറ്റി ഇനത്തിലുള്ള തുകയോ ജയിലിലെ വേതനമോ ആണ്;

(ഇ) സാധാരണ അവധിക്കുള്ള അർഹത നിശ്ചയിക്കുമ്പോൾ തടവുകാരന്റെ ഒരു വർഷത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തിന് തടവുശിക്ഷ പൂർത്തിയാക്കിയ ഓരോ മാസത്തിനും അഞ്ചു ദിവസംവീതമെന്ന് കണക്കിലെടുക്കേണ്ടതാണ്. മാസത്തിന്റെ ഏതെങ്കിലുമൊരു ഭാഗം 15 ദിവസമോ അതിലധികമോ ആയാൽ ആയത് ഒരു മാസമായി പരിഗണിച്ച് ആനുകൂല്യം നൽകേണ്ടതാണ്;

(എഫ്) ആദ്യത്തെ സാധാരണ അവധി ഡയറക്ടർ ജനറലും തുടർന്നുള്ള അവധി സൂപ്രണ്ടും അനുവദിക്കേണ്ടതാണ്. എന്നാൽ അവധി വ്യവസ്ഥകൾ ലംഘിച്ചാൽ തുടർന്നുള്ള അവധി ഡയറക്ടർ ജനറൽ മാത്രം പരിഗണിക്കേണ്ടതാണ്.

(ജി) അവധിക്കുള്ള അർഹത കണക്കുകൂട്ടുമ്പോൾ തടവുകാരൻ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞിരുന്ന കാലം അവധി അനുവദിക്കാനുള്ള അർഹതയ്ക്കുള്ള ശിക്ഷാകാലമായി കണക്കാക്കേണ്ടതാണ്.

(എച്ച്) അവധി അനുവദിക്കാനുള്ള ഓരോ അപേക്ഷയോടുമൊപ്പം തടവുകാരന് അവധി അനുവദിക്കുന്നതുമൂലം ക്രമസമാധാനത്തിനോ പ്രത്യേകിച്ച് തടവുകാരന്റെ സ്വന്തം സുരക്ഷിതത്വത്തിനോ മറ്റുള്ളവരുടെ സുരക്ഷയ്ക്കോ, പ്രതികൂലമാണോ എന്നും, തടവുകാരൻ ഒളിച്ചോടുന്നതിന് സാധ്യതയുണ്ടോ എന്നും, മുമ്പ് അവധിയിലായിരുന്നപ്പോഴുള്ള മോശമായ ഏതെങ്കിലും പെരുമാറ്റത്തിന്റെ ചരിത്രവുമുണ്ടെങ്കിൽ അതിന്റെ അനുബന്ധ വിവരങ്ങളും ബന്ധപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ ഉണ്ടായിരിക്കണം. ജയിൽ സൂപ്രണ്ട് ജയിലിലെ തടവുകാരന്റെ സ്വഭാവവും മുൻകാല ചരിത്രവും ഇതുവരെ അനുഭവിച്ചിട്ടുള്ള അവധിയുടെ വിശദ വിവരങ്ങളും സഹിതം വ്യക്തമായ ശുപാർശ നൽകേണ്ടതാണ്. ഇതോടൊപ്പം കുടുംബപരം, മറ്റ് സാമൂഹ്യ പശ്ചാത്തലം, അവധിക്കാലയളവിലെ സാമൂഹ്യ സ്വീകാര്യത എന്നിവ സംബന്ധിച്ചുള്ള വിശദാന്വേഷണ റിപ്പോർട്ട് ജില്ലാ പ്രൊബേഷൻ ഓഫീസറിൽനിന്നും ലഭ്യമാക്കിയിരിക്കണം. ഇത്തരം റിപ്പോർട്ടുകൾ ആദ്യ സാധാരണ അവധി അനുവദിക്കാൻ ആവശ്യമാണ്;

(ഐ) അവധി കഴിയുന്ന മുറയ്ക്ക് തടവുകാരനെ തിരികെ ജയിലിൽ ഹാജരാക്കിക്കൊള്ളാമെന്ന വ്യവസ്ഥ അംഗീകരിക്കുന്ന അയ്യായിരം രൂപ വീതമുള്ള രണ്ട് ആളുകളുടെ ജാമ്യബോണ്ടുകൾ തടവുകാരനെ അവധിയിൽ വിടുതൽ ചെയ്യുന്നതിന് മുമ്പായി എക്സിക്യൂട്ട് ചെയ്യേണ്ടതാണ്;

(ജെ) അവധി കഴിഞ്ഞ് നിശ്ചിത ദിവസം ജയിലിൽ തിരികെ പ്രവേശിക്കാൻ കഴിയാതെ വരുന്ന ഒരാൾക്ക് ഹാജരാകാതിരുന്ന അത്തരം അനധികൃത കാലയളവ് കഴിഞ്ഞ് തിരികെ ജയിലിൽ പ്രവേശിച്ച തീയതി മുതൽ ഒരു വർഷക്കാലത്തേക്കോ പ്രസ്തുത കാലയളവ് സർക്കാർ ക്രമീകരിച്ച് നൽകുന്നതുവരെയോ വീണ്ടും അവധിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല;

(കെ) അവധിയിലായിരിക്കെ ഒളിച്ചോടുന്ന ആൾക്ക് കാലയളവ് സർക്കാർ ക്രമീകരിച്ച് നൽകുന്നതുവരെ ഒരുതരത്തിലുള്ള അവധിയും അനുവദിക്കാൻ പാടുള്ളതല്ല.

(എൽ) താഴെപ്പറയുന്ന വിഭാഗം തടവുകാർക്ക് അവധിയിൽ വിടുതൽ ചെയ്യാൻ അർഹത ഉണ്ടായിരിക്കുന്നതല്ല, അതായത്:—

(i) പതിവ് കുറ്റവാളികളായി കണക്കാക്കപ്പെട്ടിട്ടുള്ള കുറ്റക്കാർ;

(ii) ഇന്ത്യൻ ശിക്ഷാ നിയമം 392 മുതൽ 402 വരെ വകുപ്പുകളനുസരിച്ചും ബലാൽസംഗ കുറ്റത്തിന് ശിക്ഷിക്കപ്പെട്ട തടവുകാർ; വധശിക്ഷയ്ക്ക് ശിക്ഷിക്കപ്പെട്ട തടവുകാർ:

എന്നാൽ, ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെട്ട തടവുകാർ മേൽപ്പറഞ്ഞ വകുപ്പുകൾക്ക് കൂടി ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത ശിക്ഷാകാലം കഴിഞ്ഞതിനുശേഷം അവധി അനുവദിക്കാവുന്നതാണ്.

(iii) അപകടകാരികളായി കണക്കാക്കപ്പെട്ടിട്ടുള്ള തടവുകാരും ഗുരുതരമായ ജയിൽ നിയമലംഘനങ്ങളായ കൈയേറ്റം, ലഹള, കലാപം, തടവുചാടൽ, ഗുരുതരമായ ചട്ട ലംഘനത്തിനുള്ള ദുഷ്പ്രേരണ, പ്രക്ഷോഭം മുതലായവയും അതുപോലെയുള്ളതിലും ഉൾപ്പെട്ടിട്ടുള്ളവരും;

(iv) മാനസിക രോഗാവസ്ഥയുള്ളതും പകർച്ചവ്യാധിയുള്ളതുമായ തടവുകാർ;

*കുറിപ്പ്*:—മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്ന തടവുകാരുടെ അർഹത ജയിലുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ അഭിപ്രായത്തിനുവിധേയമായി തീരുമാനിക്കേണ്ടതാണ്.

(v) കള്ളക്കടത്തോ, വിദേശനാണയ വിനിമയനിയന്ത്രണ നിയമലംഘനമോ, ദേശീയ സുരക്ഷയോ, കള്ളനാണയമോ, കള്ളനോട്ടോ ആയി ബന്ധപ്പെട്ട നിയമങ്ങളനുസരിച്ചുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളുകൾ;

(എം) ജയിലിൽ നിന്നും തടവുകാരന്റെ ഗൃഹത്തിലേക്കും തിരികെയുമുള്ള യാത്രയ്ക്ക് ആവശ്യമായ സമയം താഴെ വിശദമാക്കുന്ന തരത്തിൽ അവധിയോടൊപ്പം അനുവദിക്കാവുന്നതാണ്. ജയിലിൽ നിന്നും തടവുകാരന്റെ ഗൃഹത്തിലേയ്ക്കുള്ള ദൂരം,—

(i) 16 കിലോമീറ്ററോ കുറവോ ആയാൽ—ഇല്ല;

(ii) 16 കിലോമീറ്ററിലധികം 100 കി.മീ. താഴെ—അരദിവസം വീതം പോക്കുവരവിനായി;

(iii) 100 കിലോമീറ്ററിലധികം 200 കി.മീ. താഴെ—ഒരുദിവസംവീതം പോക്കുവരവിനായി;

(iv) 200 കിലോമീറ്ററിനും അതിനുമുകളിലും—ഓരോ 200 കി. മീറ്ററിനും ഓരോ ദിവസം എന്ന കണക്കിൽ പരമാവധി 3 ദിവസം പോക്കുവരവിനായി.

398. ***തടവുകാരൻ ഗുരുതരമായ രോഗബാധിതനായാൽ.***—അവധിയിൽ കഴിയുന്ന തടവുകാരൻ ഗുരുതരമായ രോഗബാധിതനായതിനാൽ അനുവദിച്ചിട്ടുള്ള കാലയളവ് കഴിഞ്ഞ് തിരികെ ഹാജരാകാൻ സാധിക്കാതെ വരികയോ മറ്റേതെങ്കിലും തരത്തിൽ നേരിട്ട് ഹാജരാകാൻ കഴിവില്ലാതെ വരികയോ ചെയ്താൽ കൃത്യമായ വിവരം ജാമ്യക്കാരോ ബന്ധുക്കളോ തൊട്ടടുത്ത പോലീസ് സ്റ്റേഷനിലും, ജില്ലാ മെഡിക്കൽ ഓഫീസറെയും, ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടിനേയും അറിയിക്കേണ്ടതാണ്. പോലീസ് സ്റ്റേഷനിലെ ചുമതലയുള്ള ഉദ്യോഗസ്ഥൻ വിവരങ്ങൾ സ്വയം ബോദ്ധ്യപ്പെടുന്ന പക്ഷം ജയിൽ സൂപ്രണ്ടിന് റിപ്പോർട്ട് നൽകേണ്ടതുമാണ്. അതുപോലെ ജില്ലാ മെഡിക്കൽ ഓഫീസറോ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറോ തടവുകാരനെ സന്ദർശിച്ച് തടവുകാരന് സ്വയം ഹാജരാകുന്നതിന് എത്ര ദിവസംകൂടി ആവശ്യമായിവരുമെന്ന അഭിപ്രായം സഹിതം പോലീസ് സ്റ്റേഷൻ അധികാരിയേയും ജയിൽ സൂപ്രണ്ടിനേയും അറിയിക്കേണ്ടതാണ്. മതിയായ കാരണങ്ങളില്ലെങ്കിൽ പോലീസ്, തടവുകാരനെ ഉടനടി അറസ്റ്റ് ചെയ്ത് മജിസ്ട്രേറ്റ് സമക്ഷം ഹാജരാക്കി നിയമനടപടികൾക്ക് വിധേയനാക്കേണ്ടതാണ്.

399. ***പുനരവലോകന സമിതി.***—(1) പ്രതികൂലമായ പോലീസ് റിപ്പോർട്ടുകൾമൂലം അവധി ലഭിക്കാത്ത ശിക്ഷാത്തടവുകാരുടെ കേസുകൾ പുനരവലോകനം ചെയ്യുന്നതിന് ഒരു സമിതി രൂപീകരിക്കേണ്ടതാണ്. സമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (എ) | ജില്ലാ കളക്ടർ | .. | ചെയർമാൻ |
| (ബി) | പോലീസ് കമ്മീഷണർ/സൂപ്രണ്ട് ഓഫ് പോലീസ് | .. | മെമ്പർ |
| (സി) | മേഖലാ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് | .. | മെമ്പർ |
| (ഡി) | ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് | .. | കൺവീനർ |
| (ഇ) | ചീഫ് വെൽഫെയർ ഓഫീസർ | .. | മെമ്പർ |
| (എഫ്) | ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ | .. | മെമ്പർ |

(2) 3 വർഷം യഥാർത്ഥ ശിക്ഷ കഴിഞ്ഞ ഒരു തടവുകാരന്റെ മൂന്ന് റിപ്പോർട്ടുകൾ പ്രതികൂലമായാൽ, അവധി അനുവദിക്കുന്നതിന് ശുപാർശ ചെയ്യുന്നതിന് സമിതിക്ക് പരിഗണിക്കാവുന്നതാണ്.

400. ***അടിയന്തിരാവധി.***—(1) ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർ ഒഴികെയുള്ള ഏതൊരു സൽസ്വാഭവികളായ തടവുകാർക്കും താഴെ വ്യക്തമാക്കിയിട്ടുള്ള വളരെ അടിയന്തിര ഘട്ടങ്ങളിൽ അടിയന്തിരാവധിയ്ക്ക് അർഹതയുണ്ടായിരിക്കും.

താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അടിയന്തിരാവധി അനുവദിക്കേണ്ടതാണ്, അതായത്:—

(i) പിതാവ്, മാതാവ്, മകൻ, മകൾ, ഭാര്യ, ഭർത്താവ്, സഹോദരൻ, സഹോദരി, അർദ്ധ സഹോദരൻ, അർദ്ധ സഹോദരി, പൗത്രൻ, പൗത്രി, പിതാ/മാതാ മഹൻ, പിതാ/മാതാ മഹി, ഭാര്യാ പിതാവ്/മാതാവ്, ഭർത്ത്യ പിതാവ്/മാതാവ്, മരുമകൻ, മരുമകൾ, മാതൃ സഹോദരൻ/സഹോദരി, പിതൃ സഹോദരൻ/സഹോദരി, ഭാര്യ-ഭർത്തൃ സഹോദരൻ, ഭാര്യ-ഭർത്തൃ സഹോദരി, അനന്തിരവൻ, അനന്തിരവൾ, എന്നിവരുടെ മരണമോ അത്യാസന്ന രോഗാവസ്ഥയോ;

(ii) മകൻ, മകൾ, സഹോദരൻ, സഹോദരി, പൗത്രൻ, പൗത്രി, ഭാര്യ-ഭർത്തൃ സഹോദരൻ, ഭാര്യ-ഭർത്തൃ സഹോദരി, നേർ അനന്തിരവൻ, നേർ അനന്തിരവൾ, എന്നിവരുടെ വിവാഹം;

(iii) താമസിക്കുന്ന വീട് ഭാഗികമായോ പൂർണ്ണമായോ തകരുക.

(2) അടിയന്തിര അവധിക്കുള്ള ഓരോ അപേക്ഷയും വിലയിരുത്തപ്പെടേണ്ടത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെയും ജയിൽ സൂപ്രണ്ടിന്റേയും ശുപാർശയുടേയും അടിസ്ഥാനത്തിലാണ്.

(3) ഈ ചട്ടങ്ങൾ പ്രകാരം, അവധി അനുവദിക്കാനുള്ള ഓരോ അപേക്ഷയോടുമൊപ്പം തടവുകാരന് അവധി അനുവദിക്കുന്നതുമൂലം ക്രമസമാധാനത്തിനോ പ്രത്യേകിച്ച് തടവുകാരന്റെ സ്വന്തം സുരക്ഷിതത്വത്തിനോ മറ്റുള്ളവരുടെ സുരക്ഷയ്ക്കോ, പ്രതികൂലമാണോ എന്നും, തടവുകാരൻ ഒളിച്ചോടുന്നതിന് സാധ്യതയുണ്ടോ എന്നും, മുമ്പ് അവധിയിലായിരുന്നപ്പോഴുള്ള മോശമായ ഏതെങ്കിലും പെരുമാറ്റത്തിന്റെ ചരിത്രമുണ്ടെങ്കിൽ അതിന്റെ അനുബന്ധ വിവരങ്ങളും ബന്ധപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടറുടെ റിപ്പോർട്ടിൽ ഉണ്ടായിരിക്കണം. ജയിൽ സൂപ്രണ്ട് ജയിലിലെ തടവുകാരന്റെ സ്വഭാവവും മുൻകാല ചരിത്രവും ഇതുവരെ അനുഭവിച്ചിട്ടുള്ള അവധിയുടെ വിശദ വിവരങ്ങളും സഹിതം വ്യക്തമായ ശുപാർശ നൽകേണ്ടതാണ്.

(4) അവധി കഴിയുന്ന മുറയ്ക്ക് തടവുകാരനെ തിരികെ ജയിലിൽ ഹാജരാക്കിക്കൊള്ളാമെന്ന വ്യവസ്ഥ അംഗീകരിക്കുന്ന അയ്യായിരം രൂപ വീതമുള്ള രണ്ട് ആളുകളുടെ ജാമ്യബോണ്ടുകൾ തടവുകാരനെ അവധിയിൽ വിടുതൽ ചെയ്യുന്നതിന് മുമ്പായി എക്സിക്യൂട്ട് ചെയ്യേണ്ടതാണ്.

(5) അവധി കഴിഞ്ഞ് നിശ്ചിത ദിവസം ജയിലിൽ തിരികെ പ്രവേശിക്കാൻ കഴിയാതെ വരുന്ന ഒരാൾക്ക് ഹാജരാകാതിരുന്ന അത്തരം അനധികൃത കാലയളവ് കഴിഞ്ഞ് തിരികെ ജയിലിൽ പ്രവേശിച്ച തീയതി മുതൽ ഒരു വർഷക്കാലത്തേക്കോ പ്രസ്തുത കാലയളവ് സർക്കാർ ക്രമീകരിച്ച് നൽകുന്നതുവരെയോ വീണ്ടും അവധിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

(6) അവധിയിലായിരിക്കെ ഒളിച്ചോടുന്ന ആൾക്ക്, സർക്കാർ ക്രമീകരിച്ചു നൽകുന്നതുവരെ ഒരു സാഹചര്യത്തിലും ഒരുതരത്തിലുള്ള അവധിയും അനുവദിക്കാൻ പാടുള്ളതല്ല.

(7) താഴെപ്പറയുന്ന വിഭാഗം തടവുകാർ അവധിയിൽ വിടുതൽ ചെയ്യാൻ അർഹതയുണ്ടായിരിക്കുന്നവരല്ല, അതായത്:—

(i) പതിവ് കുറ്റവാളികളായി തരംതിരിക്കപ്പെട്ടവർ;

(ii) ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ 392 മുതൽ 402 വരെ വകുപ്പുകൾ അനുസരിച്ച് ശിക്ഷിക്കപ്പെട്ട തടവുകാർ:

എന്നാൽ, ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെട്ട തടവുകാരൻ മേൽപ്പറഞ്ഞ വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത ശിക്ഷാകാലം കഴിഞ്ഞതിനുശേഷം അവധി അനുവദിക്കാവുന്നതാണ്;

(iii) അപകടകാരികളായി കണക്കാക്കപ്പെട്ടിട്ടുള്ള തടവുകാരും ഗുരുതരമായ ജയിൽ നിയമ ലംഘനങ്ങളായ കയ്യേറ്റം, ലഹള, കലാപം, തടവുചാടൽ, ഗുരുതരമായ ചട്ട ലംഘനത്തിനുള്ള ദുഷ്പ്രേരണ, പ്രക്ഷോഭം മുതലായവയും അതുപോലെയുള്ളതിലും ഉൾപ്പെട്ടിട്ടുള്ളവരും;

(iv) മാനസിക രോഗാവസ്ഥയുള്ളതും പകർച്ചവ്യാധിയുള്ളതുമായ തടവുകാർ;

*കുറിപ്പ്:* മേൽപറഞ്ഞ വിഭാഗത്തിൽപ്പെടുന്ന തടവുകാരുടെ അർഹത ജയിലുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ അഭിപ്രായത്തിനു വിധേയമായി തീരുമാനിക്കേണ്ടതാണ്.

(8) അടിയന്തിര അവധി ഒരു പ്രാവശ്യം പരമാവധി അനുവദിക്കാവുന്നത് 15 ദിവസത്തേക്ക് ആയിരിക്കും.

(9) ജയിലിൽ നിന്നും തടവുകാരന്റെ ഗൃഹത്തിലേക്കും തിരികെയുമുള്ള യാത്രയ്ക്ക് ആവശ്യമായ സമയം താഴെ വിശദമാക്കുന്ന തരത്തിൽ അവധിയോടൊപ്പം അനുവദിക്കാവുന്നതാണ്. ജയിലിൽനിന്നും തടവുകാരന്റെ ഗൃഹത്തിലേക്കുള്ള ദൂരം,—

(i) 16 കിലോമീറ്ററോ കുറവോ ആയാൽ—ഇല്ല;

(ii) 16 കിലോമീറ്ററിലധികം 100 കി. മീ. താഴെ—അര ദിവസം വീതം പോക്കുവരവിനായി;

(iii) 100 കി. മീറ്ററിലധികം 200 കി. മീ. താഴെ—ഒരു ദിവസം വീതം പോക്കുവരവിനായി.

(iv) 200 കി. മീറ്ററിനും അതിനുമുകളിലും—ഓരോ 200 കി. മീറ്ററിനും ഓരോ ദിവസം എന്ന കണക്കിൽ പരമാവധി 3 ദിവസം പോക്കുവരവിനായി;

(10) യാത്രാസമയം വൈകിട്ട് 5 മണിക്ക് ശേഷമാണ് അവസാനിക്കുന്നതെങ്കിൽ തടവുകാരൻ അടുത്ത ദിവസം രാവിലെ 8 മണിക്ക് മുമ്പായി ജയിലിൽ പ്രവേശിക്കേണ്ടതാണ്.

(11) ജയിൽ സൂപ്രണ്ടിന് ഒരു സമയം 10 ദിവസം വരെ അടിയന്തിര അവധി അനുവദിക്കാൻ അധികാരമുണ്ടായിരിക്കുന്നതും അതുൾപ്പെടെ 15 ദിവസം വരെയുള്ള കാലയളവിലേക്ക് ഡയറക്ടർ ജനറലും തുടർന്ന് ഒരു പ്രാവശ്യം 15 ദിവസം വരെയുള്ള കാലയളവിലേക്ക് ആഭ്യന്തര വകുപ്പ് സെക്രട്ടറിക്കും അവധി അനുവദിക്കാവുന്നതുമാണ്.

(12) അച്ഛൻ, അമ്മ, മകൻ, മകൾ, ഭാര്യ, ഭർത്താവ്, സഹോദരൻ, സഹോദരി, അർദ്ധ സഹോദരൻ, അർദ്ധ സഹോദരി, പൗത്രൻ, പൗത്രി, പിതാ/മാതാ മഹൻ, പിതാ/മാതാ മഹി, ഭാര്യ പിതാവ്/മാതാവ്, മാതൃ സഹോദരൻ/സഹോദരി, പിതൃ സഹോദരൻ/സഹോദരി എന്നിവരുടെ മരണമോ അത്യാസന്ന രോഗാവസ്ഥയോ; മകൻ, മകൾ, സഹോദരൻ, സഹോദരി, പൗത്രൻ, പൗത്രി, ഭാര്യ-ഭർത്തൃ സഹോദരൻ, ഭാര്യ-ഭർത്തൃ സഹോദരി, അനന്തിരവൻ, അനന്തിരവൾ എന്നിവരുടെ വിവാഹം; താമസിക്കുന്ന വീട് ഭാഗികമായോ പൂർണ്ണമായോ തകരുകയോ; മറ്റ് അസാധാരണ സാഹചര്യങ്ങളുള്ളപ്പോഴോ അതുസംബന്ധിച്ച് സ്റ്റേഷൻ ഹൗസ് ഓഫീസറുടെ വിശദമായ ശുപാർശയോടുകൂടി അടിയന്തിര അവധി അനുവദിക്കാവുന്നതാണ്.

401. ***അടിയന്തിര അവധിയുടെ ദീർഘിപ്പിക്കൽ.***—പരമാവധി 45 ദിവസം കവിയാതെ അടിയന്തിര അവധി ദീർഘിപ്പിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

402. ***അവധിക്കുള്ള അപേക്ഷകൾ.***—(1) ആദ്യ സാധാരണ അവധിക്കുള്ള അപേക്ഷ ഡയറക്ടർ ജനറൽക്ക് നൽകേണ്ടതാണ്.

(2) അടിയന്തിര അവധിയ്ക്കുള്ള അപേക്ഷകൾ അവധി അനുവദിക്കപ്പെടേണ്ട തടവുകാരൻ ശിക്ഷയനുഭവിച്ചുകൊണ്ടിരിക്കുന്ന ജയിലിലെ സൂപ്രണ്ടിന് നൽകേണ്ടതാണ്.

403. ***അപേക്ഷ നൽകേണ്ടയാൾ.***—(1) തടവുകാരനോ തടവുകാരന്റെ ബന്ധുവിനോ അപേക്ഷ നൽകാവുന്നതാണ്. അപേക്ഷയിൽ സ്റ്റാമ്പ് പതിക്കേണ്ടതില്ല. അടിയന്തിര അവധിക്കുള്ള അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാരണങ്ങൾ ശരിയാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന; ഒരു സർട്ടിഫിക്കറ്റ് അതായത് പ്രകൃതിക്ഷോഭംമൂലം താമസിക്കുന്ന വീട് പൂർണ്ണമായോ ഭാഗികമായോ നശിച്ചുപോയിട്ടുള്ള കേസുകളിൽ സ്ഥലത്തെ തഹസിൽദാരുടെയോ അടുത്ത ബന്ധുവിന്റെ അത്യാസന്നനില സംബന്ധിച്ചാണെങ്കിൽ സിവിൽ സർജനിൽ കുറയാത്ത സർക്കാർ മെഡിക്കൽ ഓഫീസറുടെയോ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

(2) അവധി അനുവദിക്കുന്ന സമയത്ത് ജാമ്യക്കാർ അവരുടെ ഈട് തെളിയിക്കുന്ന സോൾവൻസി സർട്ടിഫിക്കറ്റ്/ഡിമാന്റ് ഡ്രാഫ്റ്റ്/ക്യാഷ് ഡെപ്പോസിറ്റ്/സെക്യൂരിറ്റി ഡെപ്പോസിറ്റ് രസീത് ഹാജരാക്കേണ്ടതാണ്. അവധി വ്യവസ്ഥകൾ ലംഘിക്കാതെ തടവുകാരൻ കൃത്യസമയത്ത് അവധി കഴിഞ്ഞ് ജയിലിൽ പ്രവേശിച്ചാൽ ജാമ്യക്കാർക്ക് ജാമ്യ ഈട് തിരികെ നൽകേണ്ടതാണ്. എന്നാൽ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ മറ്റ് മാർഗ്ഗങ്ങളില്ലാതെ വരുന്ന വളരെ വിരളമായിട്ടുള്ള സാഹചര്യങ്ങളിൽ, പ്രത്യേകിച്ചും അവധി ദിവസങ്ങളിൽ മാത്രമേ ക്യാഷ് ഡെപ്പോസിറ്റ് സ്വീകരിക്കാൻ പാടുള്ളൂ.

(3) സൽസ്വഭാവികളായ തടവുകാർ മൂന്ന് വർഷമോ അതിലധികം കാലത്തേക്കോ ജീവപര്യന്തം കഠിന തടവിനോ വിധിക്കപ്പെട്ട് ആകെ ശിക്ഷയുടെ നാലിൽ ഒന്നോ അതിലധികമോ യഥാർത്ഥ ശിക്ഷ (ശിക്ഷായിളവ് ഒഴികെ) അനുഭവിച്ചിട്ടുണ്ടെങ്കിൽ ജയിൽ സൂപ്രണ്ട് മുമ്പാകെ വ്യക്തിപരമായ തിരിച്ചറിയൽ പത്രം ഒപ്പിട്ട് സമർപ്പിക്കുകയും അത്തരമൊരെണ്ണം ഒരു സുഹൃത്ത് അല്ലെങ്കിൽ ഒരു ബന്ധു നൽകുകയും ചെയ്താൽ മതിയാകുന്നതാണ്:

എന്നാൽ, ഒരു തടവുകാരൻ ആദ്യമായി അവധിയിൽ പോകുന്നതിന് ഈ ആനുകൂല്യം ബാധകമായിരിക്കുന്നതല്ല.

(4) കള്ളക്കടത്തോ, വിദേശനാണയ വിനിമയ നിയന്ത്രണ നിയമലംഘനം, ദേശീയ സുരക്ഷയോ, കള്ളനാണയമോ, കള്ളനോട്ടോ ആയി ബന്ധപ്പെട്ട നിയമങ്ങളനുസരിച്ചുള്ള കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ള വ്യക്തികൾക്ക് അവധിക്ക് അർഹതയുണ്ടായിരിക്കില്ല:

എന്നാൽ, തുറന്ന ജയിലിലെ സൽസ്വഭാവികളായ തടവുകാരുടെ ശിക്ഷാകാലം മൂന്ന് വർഷവും അതിലധികവുമോ ജീവപര്യന്തം കഠിനതടവോ ആയിരുന്നാൽ ജയിൽ സൂപ്രണ്ട് മുമ്പാകെ വ്യക്തിപരമായ തിരിച്ചറിയൽ പത്രം ഒപ്പിട്ട് സമർപ്പിച്ചാൽ മതിയാകും.

404. ***അപ്പീൽ.***—ഒരു തടവുകാരന്റെ അവധിക്കപേക്ഷ നിരസിക്കുന്നപക്ഷം, താഴെ പറയുന്ന പ്രകാരം അപ്പീൽ നൽകാവുന്നതാണ്, അതായത്:—

(i) സൂപ്രണ്ട് അവധി നിരസിച്ചാൽ ആ ഉത്തരവിനെതിരായി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനും;

(ii) ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ സാധാരണ അവധിയോ അടിയന്തിര അവധിയോ നിരസിച്ചാൽ ആ ഉത്തരവിനെതിരായി ഇൻസ്പെക്ടർ ജനറലിനും;

(iii) ഇൻസ്പെക്ടർ ജനറൽ സാധാരണ അവധിയോ അടിയന്തിര അവധിയോ നിരസിച്ചാൽ ആ ഉത്തരവിനെതിരായി ഡയറക്ടർ ജനറലിനും;

(iv) ഡയറക്ടർ ജനറൽ സാധാരണ അവധിയോ അടിയന്തിര അവധിയോ നിരസിച്ചാൽ ആ ഉത്തരവിനെതിരായി സർക്കാരിലേയ്ക്കും, അപ്പീൽ സമർപ്പിക്കാവുന്നതാണ്.

405. ***ജാമ്യത്തുക ഒടുക്കുന്നതിൽ നിന്നുള്ള ഒഴിവാക്കൽ.***—തടവുകാരന്റെ ഏറ്റവുമടുത്ത ബന്ധുക്കളുടെ മരണമോ, ഗുരുതരമായ രോഗാവസ്ഥ കണക്കിലെടുത്തോ അവധി അനുവദിക്കുന്ന സാഹചര്യത്തിൽ തടവുകാരന് ജാമ്യത്തുക നൽകാൻ കഴിവില്ലെന്ന് ബോദ്ധ്യപ്പെടുകയും തടവുകാരന്റെ സ്വഭാവം വളരെ നല്ലതാണെന്നും അയാൾ അവധി വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കുമെന്നും സൂപ്രണ്ട്, സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന വളരെ അപൂർവ്വവും അസാധാരണവുമായ സാഹചര്യങ്ങളിൽ, ഡയറക്ടർ ജനറലിനോ ഇൻസ്പെക്ടർ ജനറലിനോ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിനോ ജാമ്യത്തുക കെട്ടുന്നതിൽ നിന്നും തടവുകാരനെ ഒഴിവാക്കാൻ ഉത്തരവ് നൽകാവുന്നതാണ്. ബന്ധുക്കളുടെ അപ്രതീക്ഷിതമായ മരണം പോലെയുള്ള അടിയന്തിര സാഹചര്യത്തിൽ തടവുകാരന്റെ സ്വന്തം ജാമ്യത്തിൽ ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടിന് അവധി അനുവദിച്ച് ഉത്തരവ് നൽകാവുന്നതാണ്.

406. ***ജാമ്യബോണ്ട് നടപ്പിലാക്കുന്നത്.***—(1) ഫോറം 13-ലും 19-ലും ആയി ജാമ്യബോണ്ടും വ്യക്തിഗത ജാമ്യചീട്ടും, വിടുതലിന് മുമ്പായി പൂർത്തീകരിച്ച് നൽകേണ്ടതാണ്. ജാമ്യം നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ തടവുകാരനെ അയാളുടെ വ്യക്തിപരമായ തിരിച്ചറിയൽ പത്രത്തിന്മേൽ വിടുതൽ ചെയ്യേണ്ടതാണ്. ജാമ്യബോണ്ട് തഹസിൽദാരുടെ അഥവാ വില്ലേജ് ഓഫീസറുടെ മുമ്പാകെ നടപ്പിലാക്കി മേലൊപ്പിട്ട് ഓഫീസ് മുദ്ര പതിപ്പിച്ച് ജയിൽ സൂപ്രണ്ടിന് അയച്ചുകൊടുക്കേണ്ടതുമാണ്. വ്യക്തിഗത ജാമ്യചീട്ട് സൂപ്രണ്ടിനുമുമ്പാകെ വേണം നടപ്പിലാക്കേണ്ടത്. ജാമ്യബോണ്ടിന്മേൽ അവധിക്ക് വിടുതൽ നേടിയ തടവുകാരന്റെ അവധി ദീർഘിപ്പിക്കുന്നതിന് പുതിയ ജാമ്യബോണ്ട് വേണമെന്ന് ആവശ്യപ്പെടാൻ പാടില്ലാത്തതാണ്.

(2) തടവുകാരൻ ആദ്യമായി അവധിയിൽ പോകുമ്പോൾ അയാളുടെ ഒരു ഫോട്ടോ എടുക്കേണ്ടതും ആ ഫോട്ടോ ജാമ്യപത്രത്തിൽ പതിക്കേണ്ടതും ഓരോ രണ്ടുവർഷം കൂടുമ്പോഴും അത് പുതുക്കേണ്ടതുമാണ്.

407. ***അപേക്ഷയിന്മേലുള്ള തീർപ്പ്.***—അവധി അനുവദിക്കാനുള്ള ഓരോ അപേക്ഷയും അതാതിന്റെ അർഹതനോക്കി തീർപ്പ് കല്പിക്കേണ്ടതും അവധി അനുവദിക്കാൻ അധികാരമുള്ള അതോറിറ്റിക്ക് ഏത് അപേക്ഷയും ഒരുകാരണവും രേഖപ്പെടുത്താതെ തന്നെ നിരസിക്കാവുന്നതുമാണ്.

408. ***അവധി കാലയളവ് കണക്കാക്കുന്നത്.***—അവധി വ്യവസ്ഥകൾ ലംഘിക്കാത്തിടത്തോളം അവധികാലയളവ് ശിക്ഷയുടെ ഭാഗമായി കണക്കാക്കേണ്ടതാണ്. ഏതെങ്കിലും ഒരു വ്യവസ്ഥയോ, വ്യവസ്ഥകളോ ലംഘിച്ചാൽ അവധിയിൽ ആയിരുന്ന കാലയളവ് ജാമ്യമായി കണക്കാക്കണം:

എന്നാൽ, ഒരു കലണ്ടർ വർഷത്തിലെ ഗാർഹിക അവധി ഒഴികെയുള്ള 90 ദിവസത്തിലധികമുള്ള അവധി, ശിക്ഷയുടെ ഭാഗമായി കണക്കാക്കരുത്:

എന്നിരുന്നാൽത്തന്നെയും, ഒരു തടവുകാരന്റെ ഏതൊരു ഓവർസ്റ്റേ/ഒളിച്ചോട്ട കാലയളവ് മനഃപൂർവ്വമല്ലെന്നും എന്നാൽ അയാളുടെ നിയന്ത്രണത്തിനതീതമായിട്ടുള്ള കാരണങ്ങളാലാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടാൽ ആ കാലയളവ് ക്രമീകരിക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

409. ***യാത്രാ ചെലവ്***.—ജയിലിൽ തടവുകാരന്റെ ഒരു അക്കൗണ്ടിലും പണം അവശേഷിക്കാത്തതും സ്വന്തം ചെലവിൽ യാത്രാക്കൂലി വഹിക്കാൻ സാധിക്കാത്തതുമായ തടവുകാർ അവധിയിൽ പോകുമ്പോൾ സർക്കാർ യാത്രാക്കൂലി അനുവദിക്കേണ്ടതാണ്. ഈ ചട്ടത്തിൽ തടവുകാരന്റെ അക്കൗണ്ടിലുള്ളതായി വിവക്ഷിക്കുന്നത് തടവുകാരന്റെ സ്വകാര്യപണമോ ഗ്രാറ്റുവിറ്റി ഇനത്തിലുള്ള തുകയോ ജയിലിലെ വേതനമോ ആണ്.

410. ***മറ്റ് കേസുകൾ നിലനിൽക്കുമ്പോൾ***.—ഒരു തടവുകാരനും മറ്റ് കേസുകൾ നിലനിൽക്കുമ്പോൾ പ്രസ്തുത കേസുകൾക്ക് ജാമ്യത്തിലല്ലെങ്കിൽ അവധി അനുവദിക്കാൻ പാടുള്ളതല്ല. ഈ ചട്ടങ്ങളിൽ ശിക്ഷ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് അപ്പീൽ അഥവാ റിവിഷൻ പരിഗണിച്ച് തീർപ്പുകൽപ്പിക്കപ്പെട്ടതോ ഒന്നിൽകൂടുതൽ ശിക്ഷകളുടെ ആകെ കാലയളവോ, ഫൈൻ, സെക്യൂരിറ്റി തുക ഇവ ഒടുക്കാത്തതിന് പകരമായ തടവുശിക്ഷയോ എന്നാകുന്നു.

411. ***നിരീക്ഷണം***.—തടവുകാരൻ അവധിയിലായിരിക്കുമ്പോൾ സ്ഥലം പോലീസ് സബ് ഇൻസ്പെക്ടറുടെ കർശന നിരീക്ഷണത്തിലായിരിക്കുന്നതാണ്. ഒരു തടവുകാരന് അവധി വിടുതൽ ചെയ്യുമ്പോൾ ജയിൽ സൂപ്രണ്ട് വിവരം, സ്ഥലം പോലീസ് സബ് ഇൻസ്പെക്ടറെ അറിയിക്കേണ്ടതാണ്.

ഒരു തടവുകാരൻ അവധിയിൽ വിടുതൽ ചെയ്യപ്പെട്ടാൽ കഴിയുമെങ്കിൽ ആ ദിവസമോ അതല്ലെങ്കിൽ അടുത്ത ദിവസമോ പ്രാദേശിക പോലീസ് അധികാരിയുടെ മുമ്പാകെ ഹാജരായി വിടുതൽ ഉത്തരവ് സാക്ഷ്യപ്പെടുത്തി മടങ്ങിവരുമ്പോൾ ജയിൽ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

412. ***തിരികെ വിളിക്കാനുള്ള അധികാരം***.—തടവുകാരന്റെ ദുർനടത്തയെപ്പറ്റി അറിയിപ്പ് കിട്ടിയാലുടൻ ജയിൽ സൂപ്രണ്ട് അയാളെ തിരികെ വിളിക്കേണ്ടതാണ്. ഇതിനായി അടിയന്തിര നടപടിയെടുക്കാനും തടവുകാരനെ ഹാജരാക്കാനും ആവശ്യപ്പെട്ട് സൂപ്രണ്ട്, പോലീസിന് എഴുതേണ്ടതും പോലീസ് ഉടൻ തടവുകാരനെ ജയിലിൽ ഹാജരാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

413. ***വിടുതൽ സമയം***.—അവധിയിൽ വിടുതൽ ചെയ്യുന്നത് ഏതൊരു ദിവസവും സൂര്യോദയത്തിനുശേഷവും ലോക്കപ്പിന് മുമ്പും ആയിരിക്കേണ്ടതാണ്.

## അദ്ധ്യായം മുപ്പത്തിയൊന്ന്

## ഗാർഹികാവധി

414. ***ഗാർഹികാവധി അനുവദിക്കുന്നത്***.—(1) തുറന്ന ജയിലിൽ ഒരു വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കി അവിടെ കഴിയുന്ന സൽസ്വഭാവമുള്ള തടവുകാരന്റെ കുടുംബ സാഹചര്യത്തെക്കുറിച്ച് പ്രൊബേഷൻ ഓഫീസർ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗാർഹികാവധിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ഒരു തവണ അനുവദിക്കാവുന്ന ഗാർഹികാവധി പരമാവധി 15 ദിവസവും ഗാർഹികാവധിയിൽ ഒരു തവണ വിടുതൽ ചെയ്യപ്പെട്ട തടവുകാരന് അവധി കഴിഞ്ഞ് മടങ്ങിയെത്തിയ ദിവസം മുതൽ 12 മാസം വരെയുള്ള യഥാർത്ഥ ശിക്ഷയ്ക്ക് ശേഷം മാത്രമേ തുടർന്നുള്ള അതേ അവധി അനുവദിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

*കുറിപ്പ്:*—ഗാർഹികാവധിക്കുള്ള കാലയളവ് കണക്കാക്കുന്നതിന്, അടിയന്തിരാവധി, സാധാരണ അവധി, തടവുകാരന്റെ വീട്ടിലേക്കും തിരിച്ചുമുള്ള താഴെപ്പറയുന്ന യാത്രാ സമയം എന്നിവ ഒഴിവാക്കേണ്ടതാണ്, അതായത്, ജയിലിൽനിന്നും തടവുകാരന്റെ ഗൃഹത്തിലേക്കുള്ള ദൂരം—

(i) 16 കിലോമീറ്ററോ കുറവോ ആയാൽ—ഇല്ല;

(ii) 16 കിലോമീറ്ററിലധികം 100 കി. മീ. താഴെ—അര ദിവസം വീതം പോക്കുവരവിനായി;

(iii) 100 കി. മീറ്ററിലധികം 200 കി. മീ. താഴെ—ഒരു ദിവസം വീതം പോക്കുവരവിനായി;

(iv) 200 കി. മീറ്ററിനും അതിനുമുകളിലും—ഓരോ 200 കി. മീറ്ററിനും ഓരോ ദിവസം എന്ന കണക്കിൽ പരമാവധി 3 ദിവസം പോക്കുവരവിനായി;

*കുറിപ്പ്:*—യാത്രാസമയം വൈകിട്ട് 5 മണിക്ക് ശേഷമാണ് അവസാനിക്കുന്നതെങ്കിൽ തടവുകാരൻ അടുത്ത ദിവസം രാവിലെ 8 മണിക്ക് മുമ്പായി ജയിലിൽ പ്രവേശിക്കേണ്ടതാണ്.

(3) ഗാർഹികാവധി ആദ്യതവണ ഡയറക്ടർ ജനറലും തുടർന്നുള്ള ഗാർഹികാവധി സൂപ്രണ്ടും അനുവദിക്കേണ്ടതാണ്. ബസ് യാത്രാക്കൂലി അഥവാ രണ്ടാം ക്ലാസ് തീവണ്ടി യാത്രാക്കൂലി പോക്കുവരവിനായി ഗാർഹികാവധിയിൽ വിടുതൽ ചെയ്യുന്ന തടവുകാരന് അനുവദിക്കേണ്ടതാണ്.

(4) ആദ്യ ഗാർഹികാവധിക്കുള്ള അപേക്ഷ തടവുകാർ സൂപ്രണ്ട് മുഖാന്തിരം ഡയറക്ടർ ജനറലിന് അയച്ചുകൊടുക്കേണ്ടതാണ്.

(5) ഈ ചട്ടങ്ങളിലെ ഫോറം 19-ൽ വിവക്ഷിച്ചിട്ടുള്ള വ്യക്തിഗത ജാമ്യചീട്ട് തുറന്ന ജയിൽ സൂപ്രണ്ടിനുമുമ്പാകെ ഗാർഹികാവധിക്കുള്ള വിടുതലിനായി തടവുകാരൻ ഒപ്പിട്ട് നൽകേണ്ടതാണ്.

415. ***അകമ്പടി സന്ദർശനാനുമതി.***—(1) അടിയന്തിര അവധിക്ക് അർഹതയില്ലാത്ത വിഭാഗത്തിൽപ്പെടുന്ന തടവുകാർക്ക് പോലീസ് അകമ്പടിയിൽ യാത്രാസമയം ഒഴിച്ചുള്ള ഇരുപത്തിനാല് മണിക്കൂർ നേരത്തേക്ക് അകമ്പടി സന്ദർശനാനുമതിക്ക് അർഹതയുണ്ട്. യാത്രാമദ്ധ്യേ ഒരു രാത്രി തങ്ങേണ്ടിവന്നാൽ ജയിലുള്ള സ്ഥലത്താണെങ്കിൽ ജയിലിലും ജയിലില്ലാത്ത സ്ഥലത്താണെങ്കിൽ ഏറ്റവും അടുത്ത പോലീസ് ലോക്കപ്പിലും തടവുകാരനെ സൂക്ഷിക്കേണ്ടതാണ്.

(2) ഒരുതരത്തിലുള്ള അവധികൾക്കും അർഹതയില്ലാത്ത വിഭാഗത്തിൽപ്പെടുന്ന തടവുകാർക്ക് അവരുടെ പിതാവ്, മാതാവ്, മാതൃ സഹോദരൻ, പിതൃ സഹോദരൻ/സഹോദരി, ഭാര്യ, ഭർത്താവ്, മക്കൾ, സഹോദരൻ, സഹോദരി എന്നിവരെ പോലീസ് അകമ്പടിയിൽ സന്ദർശിക്കാനുള്ള അനുമതി നൽകാവുന്നതാണ്. അത്തരത്തിലുള്ള സന്ദർശനാനുമതി ആറുമാസത്തിലൊരിക്കൽ സ്ഥലം പോലീസിന്റെ അനുകൂലമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകേണ്ടത്.

(3) തടവുകാരന്റെ വളരെ അടുത്ത ഒരു ബന്ധുവിന്റെ മരണം ഒഴിച്ചുള്ള ഒരു സാഹചര്യത്തിലും കേരള സംസ്ഥാനത്തിന് പുറത്തേക്ക് അകമ്പടി സന്ദർശനം അനുവദിക്കാൻ പാടുള്ളതല്ല.

അനുബന്ധം II


© 
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2023 ജൂലൈ 20<br>20th July 2023<br>1198 കർക്കടകം 4<br>4th Karkadakam 1198<br>1945 ആഷാഢം 29<br>29th Ashadha 1945 | നമ്പർ<br>No. | 2406 |


**ആഭ്യന്തര (ബി) വകുപ്പ്**

**വിജ്ഞാപനം**

**സ.ഉ.(അച്ചടി)നം.62/2023/ആഭ്യന്തരം** **തിരുവനന്തപുരം,2023 ജൂലൈ14**

**എസ്. ആർ. ഒ. നമ്പർ 795/2023**

- 2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്റ്റിന്റെ (2010 ലെ 9-ാം ആക്റ്റ് ) 99-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച്, കേരള സർക്കാർ, 2014 മേയ് 6-ാം തീയതിയിലെ സ.ഉ.(പി) നം.89/2014/ ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചതും 2014 മേയ് 23-ാം തീയതിയിലെ 1316-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നം.310/2014 ആയി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:-


This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ചട്ടങ്ങൾ**

1. <u>ചുരുക്കപ്പേരും പ്രാരംഭവും.-</u> (1) ഈ ചട്ടങ്ങൾക്ക് 2023 - ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>ചട്ടങ്ങളുടെ ഭേദഗതി.-</u> 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിൽ.-

(1) 397-ാം ചട്ടം (എൽ) ഖണ്ഡം (v)-ാം ഉപഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :-

"(VI) 1985 -ലെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റിൻ കീഴിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ട തടവുകാർ";

(2) 400-ാം ചട്ടം (7)-ാം ഉപചട്ടം (IV)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(V). 1985-ലെ നാർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്റ്റിൻ കീഴിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ട തടവുകാർ."

**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

സ്കൂൾ കുട്ടികളുടെ ഇടയിലും മുതിർന്നവരിലും മയക്ക് മരുന്നിന്റെ ഉപയോഗവും വിതരണവും ക്രമാതീതമായി വർദ്ധിച്ചു വരുന്നതായാണ് സമീപ കാലത്തെ ദുരന്ത സംഭവങ്ങൾ വെളിപ്പെടുത്തുന്നത്. ഇത്തരം കുറ്റകൃത്യങ്ങളുടെ നിയന്ത്രണാതീതമായ വർദ്ധനവ് കാണിക്കുന്നത് നിലവിലുള്ള ശിക്ഷാ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നടപടികൾ പര്യാപ്തമാകുന്നില്ല എന്നുള്ളതാണ്. ഈ സാഹചര്യത്തിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ശിക്ഷ അനുഭവിക്കുന്നവർക്ക് സാധാരണ അവധി, അടിയന്തിര അവധി അനുവദിക്കുന്നത് ശിക്ഷിക്കപ്പെട്ടവർ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിനും കുറ്റകൃത്യത്തിന്റെ ഗൗരവം ലഘൂകരിക്കുന്നതിനും കേസുകൾ വർദ്ധിക്കുന്നതിനും വരും തലമുറയെ ദോഷമായി ബാധിക്കുന്നതിനും കാരണമാകും. ആയതിനാൽ ഇത്തരം തടവുകാരെ ശിക്ഷാ കാലയളവ് അവസാനിക്കും വരെ സമൂഹത്തിൽ നിന്നും മാറ്റി നിർത്തുന്നതിനായി 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഇത്തരം തടവുകാർക്ക് അനുവദിച്ചിട്ടുള്ള അവധി, അടിയന്തിര അവധി എന്നിവ നിർത്തലാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.